# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4087

16.05.2017 -ൽ മറുപടിക്ക്

**പുരാവസ്തു സംരക്ഷണ വകുപ്പിന്റെ കീഴിൽ സംരക്ഷിക്കപ്പെടുന്ന സ്ഥാപനങ്ങൾ**

ചോദ്യം

ശ്രീ.ടി.വി.ഇബ്രാഹിം

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.മ്യൂസിയവും തുറമുഖവും

പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു സംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു സ്മാരകം ഏറ്റെടുത്ത് സംരക്ഷിക്കപ്പെടണമെങ്കിൽ അതിന്റെ നിബന്ധനകൾ എന്തെല്ലാം; വിശദീകരിക്കാമോ, | (എ) | ചരിത്രപരമായോ,പുരാവസ്തുപരമോ, വാസ്തുശാസ്ത്രപരമായോ പ്രാധാന്യമുള്ളതും,ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ ജീർണ്ണാവശിഷ്ടങ്ങളോ നഷ്ടാവശിഷ്ടങ്ങളോ , അടങ്ങിയിട്ടുള്ളതോ ,അടങ്ങിയിട്ടുണ്ടെന്ന് ന്യായമായി വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും നിർമ്മിതികളോ പ്രദേശമോ 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം, 1972 ലെ ചട്ടങ്ങൾ എന്നിവയുടെ പരിധിയിൽ വരുന്ന പക്ഷം ആയവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്. |
| (ബി) | നൂറ്റാണ്ടുകളുടെ കഥ പറയുന്ന കൊണ്ടോട്ടി ഖുബ്ബയും, തക്കിയേക്കലും പുരാവസ്തുവകുപ്പ് മുഖേന സംരക്ഷിക്കപ്പെടുന്ന സ്മാരകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) & (സി) | ഉൾപ്പെടുത്തിയിട്ടില്ല. കൊണ്ടോട്ടി ഖുബ്ബയും, തക്കിയേക്കലും പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകമാക്കുന്നതിനായി ടി സ്മാരകങ്ങളുടെ ഉത്തരവാദിത്തപ്പെട്ട അധികാരികൾ സമർപ്പിക്കുന്ന അപേക്ഷ പുരാവസ്തു വകുപ്പ് പരിശോധിച്ച് 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം, 1972 ലെ ചട്ടങ്ങൾ എന്നിവയുടെ പരിധിയിൽ വരുന്ന പക്ഷം റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് സംരക്ഷിതമാക്കേണ്ട പ്രദേശം/കെട്ടിടം എന്നിവയുടെ അതിർത്തികൾ നിർണ്ണയിക്കുകയും, ആയത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ടി സ്മാരകം സംരക്ഷിത സ്മാരകമാകുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഇവയെ ഇതിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**